# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

എച്ച്.ആർ.എം.പി. നംമ്പർ : 326/11/12/2025/ TVM

പരാതികക്ഷി : മാഗ്ലിൻ പീറ്റർ,കൺവീനർ,സേവ് കോസ്റ്റൽ ലാൻഡ്, ആക്ഷൻ, കൗൺസിൽ,വലിയവേളി, തിരുനന്തപുരം,
മുതൽപേർ

എതിർകക്ഷികൾ

ഉത്തരവ് തീയതി 06.11.2025

സേവ് കോസ്റ്റൽ ലാൻഡ് ആക്ഷൻ കൗൺസിലിനെ പ്രതിനിധീകരിച്ച് 1352 പേർ ഒപ്പിട്ട് സമർപ്പിച്ച പരാതിയാണിത്. നിർദിഷ്ട തീരദേശ ഹൈവേ പ്രാവർത്തികമായാൽ തീരദേശ നിവാസികളായ ഹർജികക്ഷികൾ ഉൾപ്പെടെയുള്ളവർ ഗുരുതരമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുമെന്നും ആയതിനാൽ തങ്ങളുടെ ജീവനും സ്വത്തിനും സംസ്കാരത്തിനും ആരോഗ്യത്തിനും തൊഴിലിനും വിദ്യാഭ്യാസത്തിനും സ്വാതന്ത്ര്യത്തിനും ഭീഷണിയായി നിൽക്കുന്ന തീരദേശ ഹൈവേ പദ്ധതി ഒഴിവാക്കണമെന്നും മറ്റുമാണ് പരാതി സംഗതി.

2. പരാതി വിഷയത്തിൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി 03.06.2025 തീയതി റിപ്പോർട്ട് സമർപ്പിച്ച സമർപ്പിച്ചു. റിപ്പോർട്ട് ഇപ്രകാരം പറയുന്നു.

"മേൽ പരാതിയിൽ ഉന്നയിച്ചിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നിന്നും പ്രദേശവാസികളുമായി സംസാരിച്ചെങ്കിലും വസ്തുതകൾ കേൾക്കുന്നതിന് തയ്യാറാകാത്ത സാഹചര്യമാണുണ്ടായത്. തുടർന്ന് നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്ന ആശങ്കളുടെ നിജസ്ഥിതി പ്രദേശവാസികളെ അറിയിക്കുന്നതിലേക്കായി വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശദമായ ഒരു റിപ്പോർട്ട് ലഭ്യമാക്കണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഡി.പി.ആർ ഏജൻസിയായ നാറ്റ്പാക് നോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രദേശവാസികളുടെ ആശങ്കകൾ അകറ്റുന്നതിന് വേണ്ടി ബഹു. ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ 'സേവ് കോസ്റ്റൽ ലാൻഡ് ആക്ഷൻ കൗൺസിൽ വലിയവേളി' പ്രതിനിധികൾ, എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നുള്ള ഉദ്യോഗസ്ഥർ, ഡി.പി.ആർ. ഏജൻസിയാവ നാറ്റ്പാക് പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി യോഗം വിളിച്ച ചേർക്കണമെന്ന് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ബഹ ജില്ലാ കലക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും കെ ആർ എഫ്.ബി – പി.എം.യു പ്രൊജക്റ്റ് ഡയറക്ടർ അറിയിച്ചിരിക്കുന്നു."